

## മോൺസിഞ്ഞോർ ജോസഫ് കണിയാമറ്റം നിര്യാതനായി

1940 ഓഗസ്റ്റ് 24 ന് കോതമംഗലം രൂപതയിൽപ്പെട്ട ചെപ്പുകുളം ഇടവകയിൽ ആഗസ്തി-ബ്രിജിത്താ ദമ്പതികളുടെ 5 - a മത്തെ മകനായി ജനിച്ചു. കുടുംബം മലബാറിൽ കുടിയേറിയതിനെ തുടർന്ന് സെന്റ് മേരീസ് യു.പി സ്കൂൾ കൂടത്തായി, സെന്റ് ജോസഫ് ഹൈസ്കൂൾ കോടഞ്ചേരി എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം 1957 – ൽ തലശ്ശേരി രൂപതയ്ക്കുവേണ്ടി കുന്നോത്ത് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രവും 2 വർഷം ദൈവശാസ്ത്രവും പഠിച്ചു. തുടർന്ന് റോമിലെ ഊർബർ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം സമ്പാദിച്ചു. 1966 ജനുവരി 6 ന് റോമിൽ വച്ച് പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപ്പാപ്പായിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പഠനത്തിനുശേഷം നാട്ടിൽ തിരികെയെത്തിയ അച്ചനെ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് പേരാവൂർ പള്ളിയുടെ അസി.വികാരിയായി നിയമിച്ചു. 1970 മുതൽ 1972 വരെ തലശ്ശേരി രൂപതയുടെ ചാൻസലർ, അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറി, രൂപതാ അസി. പ്രൊകുറേറ്റർ, സോഷ്യൽ സർവ്വീസ് ഡയറക്ടർ, വളയം, വാഴമല ഇടവകകളുടെ വികാരി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് പെരുമ്പുന്ന, ഇടവകയിൽ വികാരിയായും തലശ്ശേരി രൂപതാകോടതി ജഡ്ജിയായും സേവനം ചെയ്തു. മാനന്തവാടി രൂപത നിലവിൽ വന്ന 1973 മുതൽ 1989 വരെ രൂപതാ പ്രൊക്യുറേറ്ററായി സേവനം ചെയ്തു. ഈ കാലയളവിൽ ഏതാനും വർഷങ്ങൾ സോഷ്യൽ സർവ്വീസ് ഡയറക്ടർ, വിയാനി ഭവൻ ഡയറക്ടർ, മാനന്തവാടി സെന്റ് ജോസഫ് ആശുപത്രി, കല്പറ്റ ഡീ പോൾ സ്കൂൾ, കയ്യുന്നി സേക്രട്ട് ഹാർട്ട് സ്കൂൾ എന്നിവയ്ക്കുവേണ്ടിയുള്ള ട്രസ്റ്റുകളുടെ ചെയർമാൻ ആയും കാട്ടിക്കുളം, കമ്മന എന്നീ പള്ളികളിൽ വികാരിയായും സേവനം ചെയ്തു.

1989 മുതൽ 1995 വരെ മാനന്തവാടി രൂപതയുടെ രണ്ടാമത്തെ വികാരി ജനറാളായും ജുഡീഷ്യൽ വികാരിയായും 1995 ജൂലൈ മുതൽ 97 ജനുവരി വരെ രൂപതാ അഡ്മിനിസ്ട്രേറ്ററായും സേവനം അനുഷ്ഠിച്ചു. 1997 മുതൽ 2001 വരെ തരിയോട്, 2001-2006 വരെ പുൽപ്പള്ളി ടൗൺ പള്ളി, 2006-2008 വരെ അമ്പലവയൽ മാർട്ടിൻ ഡീ പോറസ് പള്ളി എന്നിവയുടെ വികാരിയായും സേവനം ചെയ്തു. 2008 മെയ് മാസം മുതൽ ചുണ്ടക്കര ഇടവകയിൽ വികാരിയായി സേവനം ചെയ്തുവരികയായിരുന്നു. കഠിനമായ ന്യൂമോണിയ ബാധയെതുടർന്ന് 2013 ഡിസംബർ 27 ന് കൽപ്പറ്റ ഫാത്തിമാ ആശുപത്രിയിലും തുടർന്ന് 2014 ജനുവരി 1 ന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

ഇന്ന് രാവിലെ 11 മണിയ്ക്ക് (17-01-2014) അച്ചൻ കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതദേഹം കുടരഞ്ഞിയിലെ അച്ചന്റെ വീട്ടിൽ പൊതുദർശനത്തിന് വച്ച ശേഷം വൈകുന്നേരം 6.00 മണിയോടെ അച്ചൻ ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരുന്ന ചുണ്ടക്കര പള്ളിയിൽ ദർശനത്തിന് വയ്ക്കുന്നു. രാത്രി 9.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിലേയ്ക്ക് മൃതദേഹം മാറ്റുന്നു. ശവസംസ്ക്കാരം നാളെ രാവിലെ 11.00 മണിയ്ക്ക് ദ്വാരക സിയോൻ സെമിത്തേരിയിൽ

മാനന്തവാടി രൂപതയുടെ ആദ്യകാലം മുതൽ 1997 – ൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ് താമരശ്ശേരിയ്ക്ക് സ്ഥലം മാറിപോകുന്നതുവരെ പിതാവിന്റെ വലം കൈയായി രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കുവേണ്ടി കഠിനമായി അദ്ധ്വാനിച്ചു. രൂപതയോടുള്ള ആത്മാർത്ഥമായ സ്നേഹം മൂലം നിസ്വാർത്ഥമായും ദീർഘവീക്ഷണത്തോടെയും രൂപതയ്ക്കുവേണ്ടി പലകാര്യങ്ങളും ആസൂത്രണം ചെയ്തു. എല്ലാവരോടും സൗഹൃദം കാത്തുസൂക്ഷിക്കുകയും പൗരോഹിത്യശുശ്രൂഷയിൽ സന്തോഷം കണ്ടെത്തുകയും ചെയ്തു.